# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 227

25/04/2017 -ൽ മറുപടിക്ക്

## കോവളം-കൊല്ലം ജലപാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ. കോവളം - കൊല്ലം കനാലിന്റെ 74.18 കി.മീ. വരുന്ന ജലപാത പൂർണ്ണമായും ഉപയോഗക്ഷമമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കമോ ; | എ. ഉണ്ട്. 74.18 കി.മീ. ദൂരമുള്ള കോവളം-കൊല്ലം ജലപാതയിൽ 27.50 കി.മീ. നീളം ഗതാഗത യോഗ്യമാണ്. 11.3 കി.മീ. ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭാഗത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കനാൽ ആഴം കൂട്ടി പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. പാർവ്വതി പുത്തനാർ ഉൾപ്പെടെ 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുള്ള സർവ്വേ ജോലികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളും, 1.10 കി.മീ. നീളം വരുന്ന വർക്കല തുരങ്കങ്ങൾ 14 മീ. വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങളും ഊർജിതമായി നടന്നു വരുന്നു. |
| ബി. പ്രസ്തുത ഇനത്തിൽ ഇനി മൊത്തം എത്ര തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ; | ബി. പാർവ്വതി പുത്തനാറും വർക്കല തുരങ്കങ്ങളും ഒഴികെ കനാൽ ഭാഗം ഗതാഗതയോഗ്യമാക്കുന്നതിന് 35 കോടി രൂപ ആവശ്യമായി വരും. |

**സി** 2005-2010 കാലഘട്ടത്തിൽ ഈ കനാൽ ഗതാഗതയോഗ്യമാക്കുന്നതിന് കരാറെടുത്തവർ കോടിക്കണക്കിനു രൂപ വില വരുന്ന മണൽ കടത്തിക്കൊണ്ടുപോയതിനിടയാക്കിയ ഗുരുതര വീഴ്ചയെക്കുറിച്ച് അന്വേഷണമെന്തെങ്കിലും നടക്കുന്നുണ്ടോ : ഇല്ലെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുമോ ?

**സി.** ചെളിയും മാലിന്യങ്ങളും കലർന്ന മണലാണ് കനാലിൽ നിന്നും ലഭിക്കുന്നത്. ഇതിന് വില നിശ്ചയിച്ച് അപ്രകാരമുള്ള വിലയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലേക്കുള്ള റോയൽറ്റിയും കരാറുകാർ അടച്ച് ഗേറ്റ് പാസ് വാങ്ങിയാണ് കൊണ്ടു പോകുന്നത്. 2008-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(ആർ.റ്റി) നം. 20/2008/സി.എസ്.ഐ.എൻ.ഡി. തീയതി 19/05/2008 പ്രകാരമാണ് ഇപ്രകാരം വിലയും റോയൽറ്റിയും ഈടാക്കുന്നത്. 2008 -ന് മുമ്പുള്ള ഏതാനും പ്രവൃത്തികൾക്ക് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിരുന്നു.

**സെക്ഷൻ ഓഫീസർ**